(ബി) ഐ.ഡി.ആർ.ബി.-യെ സ്വയംഭരണ സ്ഥാപനമാക്കി മാറ്റാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ ;

(സി) സ്വയംഭരണ സ്ഥാപനമാക്കി മാറ്റാനുദ്ദേശിക്കുന്നുണ്ടെങ്കിൽ സ്ഥാപനത്തിന്റെ സാമ്പത്തിക സ്രോതസ്സുകൾ ഏതൊക്കെയായിരിക്കുമെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ഇറിഗേഷൻ ഡിസൈൻ ആന്റ് റിസേർച്ച് ബോർഡിന്റെ വികസന പ്രക്രിയയ്ക്കായി ഈ സാമ്പത്തിക വർഷം ബജറ്റിൽ 350 ലക്ഷം രൂപ നീക്കി വച്ചിട്ടുണ്ട്.

(ബി & സി) തീരുമാനിച്ചിട്ടില്ല.

കയ്യമംഗലം നിയോജകമണ്ഡലത്തിലെ കടൽഭിത്തി നിർമ്മാണ പ്രവൃത്തികൾ

124 (4927) ശ്രീ. വി. എസ്. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയ്യമംഗലം നിയോജകമണ്ഡലത്തിലെ കടൽഭിത്തി നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനായുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ ;

(ബി) കടൽഭിത്തി പുനർനിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിക്കുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത പ്രവൃത്തികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പ്രവൃത്തികൾക്ക് ആവശ്യമായ പണം വകയിരുത്തി ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ- ഡി) കയ്യമംഗലം നിയോജകമണ്ഡലത്തിലെ കടൽഭിത്തി നിർമ്മാണ പ്രവൃത്തികളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു. ഇതിന്റെ വിശദമായ എസ്റ്റിമേറ്റ് വകുപ്പ് തലത്തിൽ തയ്യാറാക്കിവരുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly